പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 777</u> <u>12-06-2013- ൽ മറുപടിയ്ക്ക്</u>

<u>പാലക്കാട് ജില്ലയിൽ മൈനർ ഇറിഗേഷൻ പ്രോജക്റ്റ് - കുളങ്ങളുടെ നവീകരണം</u>

<u>ചോദ്യം</u>

ശ്രീ.എം.ചന്ദ്രൻ

(എ) പാലക്കാട് ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന 200 കുളങ്ങൾ ഏറ്റെടുത്തു നന്നാക്കുന്നതിനുള്ള നടപടിയുടെ അടിസ്ഥാനത്തിൽ ഇതുവരെ എത്ര കുളങ്ങളാണ് നന്നാക്കിയിട്ടുള്ളത്;

(ബി) എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത കുളങ്ങളുടെ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) 200 കുളങ്ങളുടെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്ര കുളങ്ങൾക്കുള്ള ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

<u>മറുപടി</u>

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ), (ബി), (സി), (ഡി) & (ഇ)

പാലക്കാട് ജില്ലയിൽ 'ഒരു പഞ്ചായത്തിൽ രണ്ട് കുളം' പദ്ധതിയിൽ ഉൾപ്പെടുത്തി 200 കുളങ്ങളുടെ നവീകരണത്തിനായി ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. എന്നാൽ റിനവേഷൻ ഓഫ് 'ടാങ്ക്സ് & പോണ്ട്സ്', 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 2013 ൽ 21 കുളങ്ങൾ നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.